"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - നെടുമ്പന ഗ്രാമപഞ്ചായത്ത് - സി.സി.ടി.വി. ക്യാമറ സ്ഥാപിക്കൽ (പ്രോ.നം. 40/2021) - അനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**സ.ഉ.(സാധാ) നം.376/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 11/02/2021

പരാമർശം:- 1 നെടുമ്പന ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 03.09.2020 -ലെ കത്ത് .

2 കൊല്ലം ജില്ലാ പ്ലാനിങ് ഓഫീസറുടെ 17.09.2020 ലെ കത്ത്

3 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 21/10/2020-ലെ 4.8 നമ്പർ തീരുമാനം

ഉത്തരവ്

നെടുമ്പന ഗ്രാമപഞ്ചായത്തിൽ മാലിന്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി 2020-21 വാർഷികപദ്ധതിയിൽ (പ്രോ.നം.40/2021) സി.സി.ടി.വി. ക്യാമറ സ്ഥാപിക്കുന്നതിന് 5.00 ലക്ഷം രൂപ അടങ്കൽ വകയിരുത്തി പദ്ധതി തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിച്ചിരുന്നു. അനുവാദം ലഭിക്കും എന്നു കരുതി സമയബന്ധിതമായി പദ്ധതി നടപ്പിലാക്കുന്നതിന് ടെണ്ടർ നടപടി പൂർത്തീകരിച്ച് വർക്ക് ഓർഡർ നൽകി പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. എന്നാൽ പ്രോജക്റ്റിന് ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ചു. ആയതിനാൽ മേൽ പദ്ധതിക്ക് അനുമതി നല്കണമെന്നുള്ള നെടുമ്പന ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ പരാമർശം 1 അപേക്ഷ കൊല്ലം ജില്ലാ പ്ലാനിങ് ഓഫീസർ പരാമർശം 2 പ്രകാരം ലഭ്യമാക്കുകയുണ്ടായി.

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 21.10.2020 ൽ ചേർന്ന യോഗം വിശദമായി പരിശോധിച്ചു. പ്രസ്തുത യോഗത്തിന്റെ പരാമർശം (3) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, നെടുമ്പന ഗ്രാമപഞ്ചായത്തിന്റെ 2020 -21 വാർഷിക പദ്ധതിയിലുൾപ്പെട്ട സി.സി.ടി.വി. ക്യാമറ സ്ഥാപിക്കൽ എന്ന പദ്ധതി (പ്രൊജക്റ്റ് നമ്പർ. 40/2020-21) നടപ്പാക്കാൻ നടപടിക്രമങ്ങളിലെ ഇത്തരം വീഴ്ച ഭാവിയിൽ ഒഴിവാക്കണമെന്ന നിബന്ധനയോടെ പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, നെടുമ്പന ഗ്രാമപഞ്ചായത്ത്,കൊല്ലം .

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SURESH KUMAR K
Date: 2021.02.18 10:16:12 IST
Reason: Approved
സെക്ഷൻ ഓഫീസർ